www.muthalakodamstgeorgechurch.com



# മുതലക്കോടത്ത് മുത്തപ്പൻ

## ഇടവക ബുള്ളറ്റിൻ

വാല്യം 40 ലക്കം 03 മാർച്ച് 2025





മനുഷ്യാ നീ മണ്ണാകുന്നു,
മണ്ണിലേക്ക് തന്നെ നീ മടങ്ങും



തിരുക്കുടുംബത്തിന്റെ പാലകനായ വി.യൗസേപ്പിതാവേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

# നിർമ്മിതികൾ ഏതുമാവട്ടെ, മൈസൺസ് ഉണ്ട് കൂടെ...

MYSONS GROUP · SINCE 1989

നിർമാണപ്രവർത്തനങ്ങൾക്കുള്ള കല്ല്, മണൽ, മെറ്റൽ, പാറപ്പൊടി, മണ്ണ്, ബ്രിക്സ് എന്നിവ മിതമായ നിരക്കിൽ ഉത്തരവാദിത്വത്തോടു കൂടി എത്തിച്ചു കൊടുക്കുന്നു.

**JCB & HITACHI**
Available For Rent




**150ft, 200ft, 250ft, 300ft, 400ft, 570ft**
**എന്നീ വ്യാപ്തികളുള്ള ടിപ്പറുകൾ ലഭ്യമാണ്**

**MYSONS**
ROADWAYS

Pattayamkavala
Muthalakodam P.o
**Thodupuzha**

Contact Us
**9072 777 999**
**9089 777 666**



GLOW UP
BEAUTY PARLOUR

# GLOW UP
## UNISEX BEAUTY PARLOR
### ST.GEORGE SHOPPING COMPLEX
### MUTHALAKODAM

**MAKEUP SERVICES**
- AIR BRUSH MAKEUP
- HD MAKEUP
- GLASS SKIN MAKEUP
- NUDE MAKEUP
- MODELING MAKEUP
- STAGE MAKEUP
- GROOM MAKEUP

**SKIN SERVICES**
- FULL BODY WAXING
- ALL TYPE OF FACIALS
- MANICURE
- PEDICURE
- CLEAN UP
- DE-TAN

**HAIR SERVICES**
- ALL TYPES OF HAIR CUTTING
- HAIR SPA
- HAIR COLOURING
- HAIR TREATMENTS
- BOTOX
- SMOOTHENING
- KERATIN
- BLOWDRY
- STRAIGHTING

**WEDDING SEASON OFFER**
GET 30 % OFF ON
BRIDAL MAKEUP

**SPECIAL OFFER**
25 % FOR ALL SERVICES
OFFER TILL MARCH 31

Book Now
9497688600
8281372200
7012153307







9497688600
EMAIL ID-glowupunisex@gmail.com
glowupunisexbeautyparlour
glowup.unisexbeautyparlour

## സ്നേഹസ്മരണയ്ക്ക്......

## 2-ാം ചരമവാർഷികം



# മാത്യു വർഗ്ഗീസ്
# കല്ലിങ്കക്കുടിയിൽ

**ജനനം : 14-07-1946** ✝ **മരണം : 21-03-2023**

**ഞാൻ നിങ്ങളിൽനിന്നും വേർപിരിഞ്ഞെങ്കിലും
എന്റെ സ്നേഹം എപ്പോഴും നിങ്ങളുടെ കൂടെ
ഉണ്ടായിരിക്കും.നിങ്ങളുടെ പ്രാർത്ഥനകളിൽ
എന്നേയും കൂടി സ്മരിക്കണമേ.**

# മുതലക്കോടത്ത് മുത്തപ്പൻ






01 വികാരിയച്ചന്റെ സന്ദേശം
04 മുഖമൊഴി
06 ഇടവക വാർത്തകൾ
07 സംഘടനാ വാർത്തകൾ
13 കുടുംബവാർത്തകൾ
14 വരുംദിനങ്ങൾ
15 ബൈബിൾ ക്വിസ്
16 തിരുവചനവായനകൾ

Patron Mar George Madathikandathil
Published on First Sunday of every month
Phone : 04862 - 222786, 8281717867
E-mail : muthalakodam123@gmail.com

മാനേജിംഗ് എഡിറ്റർ റവ. ഡോ. ജോർജ് താനത്തുപറമ്പിൽ Mob : 9447128949
ചീഫ് എഡിറ്റേഴ്സ് റവ. ഫാ. സിറിയക് മഞ്ഞക്കടമ്പിൽ Mob : 8330873067
റവ. ഫാ. വർഗീസ് കണ്ണാടൻ Mob : 8281282155
ശ്രീ. ജോയി വന്യംപറമ്പിൽ
എഡിറ്റേഴ്സ് ശ്രീമതി ഗ്രേസി തോമസ് പാറയിൽ
സിസ്റ്റർ. പുഷ്പ മരിയ എസ്.എച്ച്
ശ്രീ. ജോജോ ജോസഫ് പാറത്തലയ്ക്കൽ
ശ്രീ. കെ. പി. മാത്യു കൊച്ചുപറമ്പിൽ
ശ്രീ. സാന്റോ പോൾ ചെമ്പരത്തി
ശ്രീ. പോൾ വർഗീസ് മച്ചുകുഴി
ശ്രീ. ജോസഫ് തോട്ടത്തിമ്യാലിൽ
Ms.ഡോണ ബിജു അമ്പലത്തുരുത്തേൽ

സ്നേഹസ്മരണയ്ക്ക്......

# 3–ാം ചരമവാർഷികം



# കെ. എം. ജോസഫ്
## കൊട്ടാരത്തിൽ
### ഏഴുമുട്ടം

ജനനം: 20–09–1936 മരണം: 23–03–2022

"ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും"



# വികാരിയച്ചന്റെ സന്ദേശം

## നോമ്പുകാലം

നോമ്പുകാലത്ത് ഈശോയുടെ സഹന മരണ ഉത്ഥാനം അനുസ്മരിക്കുകയും അതിനായി ഒരുങ്ങുകയുമാണ്. കുരിശിന്റെ രഹസ്യം, യേശുവിന്റെ പരിഹാരബലിയുടെ അർത്ഥം ധ്യാനിക്കുന്ന കാലത്തിലേക്ക് നമ്മൾ പ്രവേശിക്കുന്നു.

ദൈവമഹത്വം വെളിപ്പെടുത്തുകയാണ് കുരിശിലൂടെ. എല്ലാവരും പാപം ചെയ്ത് ദൈവമഹത്വം നഷ്ടപ്പെടുത്തി. പാപം മൂലം നഷ്ടമാകുന്നത് ദൈവമഹത്വമാണ്. എല്ലാ പാപങ്ങളും മനുഷ്യന് അപകടം വരുത്തുന്നതിന് മുമ്പുതന്നെ മനുഷ്യനു വേണ്ടിയുള്ള ദൈവത്തിന്റെ മഹത്വപൂർണ്ണമായ പദ്ധതി തകർക്കുന്നു. പാപം മൂലം ലോകത്തിലെ നിമിഷ സുഖം ദൈവത്തിന്റെ സഹവാസത്തേക്കാൾ വലുതായികാണുന്നു. ദൈവ നാമത്തേയും മഹത്വത്തേയും മറ്റെല്ലാറ്റിനേയുംകാൾ സ്നേഹിക്കാതെ ദൈവമഹത്വം തിരസ്കരിക്കുന്നു. വി. പൗലോസ് പറയുന്നു, ‘‘എല്ലാവരും പാപം ചെയ്ത് ദൈവമഹത്വത്തിന് അയോഗ്യരായി’’ (റോമ. 3:23). എല്ലാവരേയും മരണത്തിന് ഏൽപ്പിച്ചുകൊണ്ട് തന്റെ മഹത്വം തെളിയിക്കുന്നതിനേക്കാൾ തന്റെ പുത്രനെ മരണത്തിന് ഏൽപ്പിച്ചുകൊണ്ട് ദൈവം തന്റെ മഹത്വം വെളിപ്പെടുത്തി. ‘‘വിശ്വാസം വഴി സംലബ്ധമാകുന്ന രക്തം കൊണ്ടുള്ള പാപപരിഹാരമായി ദൈവം അവനെ നിശ്ചയിച്ചുതന്നു. അവിടുന്നു തന്റെ ക്ഷമയിൽ പഴയ പാപങ്ങളെ അവഗണിച്ചുകൊണ്ട് ഇപ്പോൾ തന്റെ നീതി വെളിപ്പെടുത്താനും, അങ്ങനെ, താൻ നീതിമാനാണെന്നും യേശുവിൽ വിശ്വസിക്കുന്നവനെ നീതികരിക്കുന്നവനാണെന്നും തെളിയിക്കാനുമാണ് ഇപ്രകാരം ചെയ്തത്’’ (റോമ. 3:25-26).

വി. പൗലോസ് മുകളിൽ പ്രസ്താവിച്ചതുപോലെ, ദൈവത്തിന് തന്റെ നീതി വെളിപ്പെടുത്തണം. ദൈവത്തിന്റെ നീതിക്കു മുമ്പിൽ കുറ്റമറ്റവരായി നിലകൊള്ളാൻ ആർക്കും കഴിയുകയില്ല. രണ്ടു സാധ്യതകൾ, ഒന്നുകിൽ ശിക്ഷയ്ക്ക് ഏൽപ്പിച്ചുകൊടുക്കുക, അല്ലെങ്കിൽ ദൈവത്തിന്റെ നീതിയ്ക്ക് കോട്ടം വരാതെ നമ്മളെ വീണ്ടെടുക്കുന്നതിന് പദ്ധതി ഉണ്ടാക്കുക. ഈ രണ്ടാമത്തെ കാര്യമാണ് ദൈവം ചെയ്തത്. ഈ രണ്ടാമത്തെ മാർഗ്ഗം നീതിയും കരുണയും സ്നേഹവും ജ്ഞാനവും വെളിപ്പെടുത്തി. ദൈവനീതിയുടെ സ്വഭാവം മനുഷ്യരെ അറിയിക്കണം. ദൈവനീതിയാണ് കുരിശിലൂടെ വെളിപ്പെടുത്തിയത്. യേശുവിൽ വിശ്വസിക്കുന്നവരെ നീതീകരിക്കുന്ന ദൈവമാണെന്ന് തെളിക്കണം. നമ്മുടെ പാപങ്ങൾക്കൊത്ത് അവിടുന്ന് നമ്മെ ശിക്ഷിക്കുന്നില്ല. നമ്മുടെ അകൃത്യങ്ങൾക്കൊത്ത് പകരം ചെയ്യുന്നില്ല. നമ്മെ ശിക്ഷിക്കാതെ സ്വയം ശിക്ഷ ഏറ്റെടുത്ത് അവൻ ഒരേ സമയം നീതിമാനും നമ്മോട് കരുണകാണിക്കുന്നവനുമാണെന്ന് തെളിയിച്ചു. ദാവീദിനോട് കർത്താവ് നാഥാൻ പ്രവാചകൻ വഴി ചോദിച്ചു "നീ എന്നെ അനുസരിക്കാതെ എന്റെ മുമ്പാകെ തിന്മ ചെയ്തതെന്ത്." ദാവീദ് അനുതാപത്തോടെ പറഞ്ഞു, "ഞാൻ കർത്താവിനെതിരെ പാപം ചെയ്തുപോയി." അപ്പോൾ നാഥാൻ പറഞ്ഞു, "കർത്താവ് നിന്റെ പാപം ക്ഷമിച്ചിരിക്കുന്നു. നീ മരിക്കുകയില്ല." മരണശിക്ഷയ്ക്കോ ജീവപര്യന്തം തടവിനോ അവൻ അർഹനായിരുന്നു. അവന്റെ പ്രവൃത്തി വഴി കർത്താവിനെ അവഹേളിച്ചതിനാൽ അവന്റെ കുട്ടി മരിച്ചു. വ്യഭിചാരവും കൊലപാതകവും കർത്താവ് വെറുക്കുന്നു. ചുരുക്കത്തിൽ കുരിശിന്റെ പ്രധാനപ്പെട്ട ഒരു ഉദ്ദേശം ദൈവം നീതിമാനാണെന്ന് വെളിപ്പെടുത്തുകയാണ്. നീതിക്കൊത്ത പരിഹാരബലി വഴി ദൈവത്തോട് നമ്മെ രമ്യപ്പെടുത്തി.

നമ്മൾ അർഹിക്കുന്ന ശിക്ഷ ഒഴിവാക്കാൻ കർത്താവ് അവൻ അർഹിക്കാത്ത ശിക്ഷ ഏറ്റെടുത്തു. പരിശുദ്ധനായ ഒരു ദൈവത്തിന് എങ്ങനെ നമ്മെ സ്വീകരിക്കാൻ കഴിയും. പഴയ നിയമ നേതാക്കന്മാരെ നോക്കാം. സ്വയം രക്ഷപ്പെടാൻ അബ്രാഹം തന്റെ ഭാര്യയെപ്പറ്റി നുണ പറഞ്ഞു.

യാക്കോബ് നുണയനും ചതിയനും. എന്നിട്ടും ദൈവത്തിന്റെ സ്നേഹിതൻ. ദാവീദ് വ്യഭിചാരിയും കൊലപാതകിയും. എന്നിട്ടും ദൈവത്തിന്റെ ഹൃദയത്തിനു ചേർന്നവൻ (അപ്പ. 13:22). നമ്മൾ ദൈവത്തെ ഈ സ്നേഹിതരെ നോക്കി വിധിച്ചാൽ അവന്റെ കീർത്തി കളങ്കമുള്ളതാണ്. ഒരിക്കൽ അമിതവേഗത്തിന് കോടതി ഒരാളുടെ കുറ്റം കേട്ടു. കുറ്റക്കാരനെന്നു കണ്ട് വിധി പ്രസ്താവിച്ചു. കോടതി വിട്ട് പ്രതിയോടൊപ്പം അവന്റെ Fine അടയ്ക്കാൻ എത്തി. കാരണം അത് ജഡ്ജിയുടെ മകനായിരുന്നു. ദൈവത്തിന്റെ കാര്യത്തിലും ഇതാണ് സംഭവിച്ചത്. യേശുവിന് ശിക്ഷനൽകി ദൈവം നമ്മോട് ക്ഷമിച്ചു, കരുണകാണിച്ചു. ഇത് ദൈവത്തിന്റെ പ്രവൃത്തിയാകയാൽ ദാനമായി നമുക്കു ലഭിക്കുന്നു. പാപങ്ങളിലും അകൃത്യങ്ങളിലും മൃതരായ നമുക്ക് തന്റെ പുത്രനെ യാഗമായി നൽകി അവിടുത്തെ സ്നേഹം വെളിപ്പെടുത്തി. തന്റെ പുത്രനെപ്പോലും ഒഴിവാക്കാതെ നമുക്കു നൽകിയവൻ എന്തുതന്നെ നമുക്കു നൽകുകയില്ല.

ദൈവത്തിന്റെ മഹത്വവും, അവന്റെ നീതിയും കരുണയും ഈ നോമ്പുകാലം ഓർമ്മിക്കാം. ദൈവം ഒരേ സമയം കാരുണ്യവാനും നീതിമാനുമാണെന്ന് തെളിയിക്കുകയാണ് കുരിശിലൂടെ. നീതിയും കാരുണ്യവും തമ്മിൽ ആശ്ലേഷിക്കും (സങ്കീ. 85:10). ദൈവം തന്റെ കാരുണ്യവും വിശ്വസ്തതയും അയക്കും (സങ്കീ. 57:3) ദൈവം തന്റെ ശക്തിയാണ് ഉത്ഥാനത്തിലൂടെ വെളിപ്പെടുത്തുന്നത്. എല്ലാം നമുക്ക് ധ്യാന വിഷയമാക്കാം.

സ്നേഹത്തോടെ

വികാരിയച്ചൻ

റവ. ഡോ. ജോർജ്ജ് താനത്തുപറമ്പിൽ







# മുഖമൊഴി



## നോമ്പുകാലം

മാർത്തോമ്മാ നസ്രാണികളെ സംബന്ധിച്ചിടത്തോളം നോമ്പും ഉപവാസവും അവരുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു. ''നോമ്പിന്റെ സ്നേഹിതർ'' എന്നൊരു വിശേഷണം നസ്രാണികൾക്കുണ്ട്. അമ്പത് നോമ്പ്, ഇരുപത്തിയഞ്ച് നോമ്പ്, പതിനഞ്ച് നോമ്പ്, എട്ട് നോമ്പ്, മൂന്ന് നോമ്പ്, വെള്ളിയാഴ്ച്ചയും ബുധനാഴ്ചയുമുള്ള നോമ്പുകൾ മുതലായവയാണ് പ്രധാന നോമ്പുകൾ. അമ്പത് നോമ്പിനെ വലിയ നോമ്പ് എന്നാണ് നസ്രാണികൾ വിളിക്കുന്നത്. ആരാധനാക്രമത്തിൽ അമ്പതു നോമ്പിനുള്ള വലിയ പ്രാധാന്യം മൂലമാകാം ഇതിനെ വലിയ നോമ്പ് എന്ന് വിശേഷിപ്പിക്കുന്നത്.

മൂന്ന് നോമ്പ് കഴിഞ്ഞു വരുന്ന മൂന്നാമത്തെ ഞായറാഴ്ച പരിശുദ്ധ സഭ വലിയ നോമ്പിലേക്ക് പ്രവേശിക്കുന്നു. ''സൗമ്മാ റമ്പാ'' എന്നാണ് സുറിയാനിയിൽ ഈ നോമ്പിന്റെ പേര്. ''സൗമ്മാ'' എന്നാൽ ''നോമ്പ്'' എന്നും ''റമ്പാ'' എന്നാൽ ''വലുത്'' എന്നുമാണ് അർത്ഥം. നമ്മുടെ കർത്താവിന്റെ പെസഹാ, പീഡാസഹന ഉത്ഥാന രഹസ്യങ്ങളുടെ ആചരണമാണ് നോമ്പ്കാലത്തിന്റെ കേന്ദ്ര ബിന്ദു. ഈ അനുസ്മരണ ആഘോഷങ്ങൾക്കുള്ള ഒരുക്കമാണ് വലിയ നോമ്പിന്റെ ആഴ്ചകൾ.





സുറിയാനി, ഗ്രീക്ക് ലത്തീൻ സഭാ പിതാക്കന്മാരിൽ പലരും നോമ്പിനെയും ഉപവാസത്തെയും കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. സാത്താനെതിരായ പോരാട്ടത്തിൽ നോമ്പിനെയും ഉപവാസത്തെയും ശക്തമായ സംരക്ഷണ കവചമായി മാർ അപ്രേം മല്പാൻ കാണുന്നു. അതൊടൊപ്പം തന്നെ പ്രാർത്ഥനയും ഉപവാസവും ഒരുമിച്ച് പോകുന്നതാണെന്നും ഒന്നിനെ മറ്റൊന്നിൽ നിന്നും വേർപെടുത്താൻ സാദ്ധ്യമല്ലെന്നും മാർ അപ്രേം സാക്ഷിക്കുന്നു.

അമ്പത് നോമ്പിലേക്ക് പ്രവേശിക്കുമ്പോൾ, നോമ്പിന്റെ ചൈതന്യത്തിന് ചേർന്ന രീതിയിൽ നമ്മുടെ ജീവിതങ്ങളെ ക്രമീകരിക്കുവാൻ നമുക്ക് പരിശ്രമിക്കാം. നമ്മുടെ ജീവിതത്തിലെ ഏതെങ്കിലും ഒരു തിന്മയെ, കുറവിനെ ഈ നോമ്പുകാലത്ത് ഇല്ലാതാക്കുവാൻ നമുക്ക് പരിശ്രമിക്കാം. ഈശോ ചെയ്തതുപോലെ, ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ കൊണ്ട് സകല പ്രലോഭനങ്ങളെയും അതിജീവിക്കാൻ വചനത്തിന്റെ ഉപാസകരായി നമുക്ക് മാറാം. അനുഗ്രഹദായകമായ ഒരു നോമ്പുകാലം എല്ലാവർക്കും നേരുന്നു.

ഒത്തിരി സ്നേഹത്തോടെ

ഫാ. സിറിയക് മഞ്ഞക്കടമ്പിൽ

ഫാ. വർഗീസ് കണ്ണാടൻ








## വിഭൂതി

അമ്പതുനോമ്പിന്റെ ആരംഭമായ വിഭൂതി മാർച്ച് 3-ാം തീയതി തിങ്കളാഴ്ചയാണ്. പ്രായശ്ചിത്തത്തിന്റേയും പരിത്യാഗത്തിന്റേയും ഓർമ്മകളുണർത്തി ജീവിതത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കാൻ ഈ തിരുനാൾ നമുക്ക് ഇടയാകട്ടെ. 3-ാം തീയതി 6 മണിയുടെ വിശുദ്ധ കുർബാനയ്ക്ക് ശേഷം വിഭൂതിയുടെ തിരുക്കർമ്മങ്ങൾ ആരംഭിക്കും. തുടർന്ന് വിശുദ്ധ കുർബാന. ഇടവകാംഗങ്ങൾ എല്ലാവരും തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുമല്ലോ. അന്ന് ഉപവാസദിനമാണ്.

## കുരിശിന്റെ വഴി

നോമ്പിലെ എല്ലാ ദിവസവും ദൈവാലയത്തിൽ കുരിശിന്റെ വഴി ഉണ്ടായിരിക്കും. തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ രാവിലെ 6 മണിക്കുള്ള കുർബാനയ്ക്കു ശേഷവും ഞായറായ്ച 9.40 നും കുരിശിന്റെ വഴി ഉണ്ടായിരിക്കും.

## വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ

വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിരുനാൾ മാർച്ച് 19-ാം തീയതി ബുധനാഴ്ചയാണ്. രാവിലെ 7 മണിക്ക് ലദീഞ്ഞും തുടർന്ന് ആഘോഷമായ വിശുദ്ധ കുർബാനയും ഉണ്ടായിരിക്കും.








# സംഘടനാ വാർത്തകൾ

## സൺഡേ സ്കൂൾ

* 2024 ൽ നടത്തിയ ലോഗോസ് ക്വിസ്സിൽ 70 മാർക്കിന് മുകളിൽ വാങ്ങിയവർക്ക് രൂപതയിൽ നിന്നും കിട്ടിയ സമ്മാനങ്ങൾ ബഹു. വികാരിയച്ചൻ കുട്ടികൾക്ക് വിതരണം ചെയ്തു.
* 3A, 3B ക്ലാസിലെ അധ്യാപകരും കുട്ടികളും ഏഴുമുട്ടത്തുള്ള പ്രോവിഡൻസ് ഹോം സന്ദർശിച്ചു.
* ഈ വർഷം ഗോൾഡൻ ജൂബിലി നിറവിൽ ആയിരിക്കുന്ന ബഹുമാനപ്പെട്ട ഇമ്മാനുവൽ വട്ടക്കുന്നേൽ അച്ചന്റെയും സിൽവർ ജൂബിലി ആഘോഷിക്കുന്ന മതാദ്ധ്യാപകരായ ബഹുമാനപ്പെട്ട സിസ്റ്റർ പുഷ്പ SH, സിസ്റ്റർ അമല LSDP എന്നിവരുടെ രജത ജൂബിലി ആഘോഷിക്കുകയും ചെയ്തു. കുട്ടികൾക്ക് മധുര പലഹാരം നൽകുകയും ചെയ്തു.
* 9A, 9B ക്ലാസിലെ അധ്യാപകരും കുട്ടികളും ചേർന്ന് കോടിക്കുളത്തുള്ള സുവിശേഷ ആശ്രമം സന്ദർശിച്ചു.
* സൺഡേ സ്കൂളിന് ശേഷം അൾത്താര ബാലന്മാരുടെ മീറ്റിംഗ് ബഹുമാനപ്പെട്ട സിറിയക്ക് അച്ചന്റെ നേതൃത്വത്തിൽ നടത്തി.
* ഈ വർഷം പരീക്ഷയ്ക്കായി ഒരുങ്ങുന്ന എല്ലാ കുട്ടികൾക്കും വേണ്ടി പരീക്ഷ ഒരുക്ക പ്രാർത്ഥന നടത്തി.
* 2023 - 24 അധ്യയന വർഷത്തെ സ്കോളർഷിപ്പിന് ഫൊറോന തലത്തിൽ നമ്മുടെ കുട്ടികൾ ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കി.
* നാലാം ക്ലാസിൽ ഫസ്റ്റ് ഇവാന ജോർഡി ചെമ്പരത്തി
* സെക്കൻഡ് ക്രിസ്റ്റോ ജോബിൻ മഷിക്കല്ലേൽ
* മൂന്നാം സ്ഥാനം ഡിയോണ അജേഷ് കരോട്ടുമലയിൽ
* ഏഴാം സ്റ്റാൻഡേർഡിൽ ഫസ്റ്റ് ജിയ മരിയ ജിജോ മനയിൽ
* മൂന്നാം സ്ഥാനം ആൻബെല്ല ജയ്സൺ അറയ്ക്കൽ
* പത്താം സ്റ്റാൻഡേർഡിൽ മൂന്നാം സ്ഥാനം ജുഗൽ എസ് പോൾ തെക്കിനടുത്ത്.





വിജയികൾക്ക് ഇടവകയുടെ പേരിലുള്ള അഭിനന്ദനങ്ങൾ.

* മാർച്ച് 16. 12A, 12B ക്ലാസിലെ അധ്യാപകരും കുട്ടികളും അനാഥാലയ സന്ദർശനം നടത്തുന്നു.
* സെക്കൻഡ് സെം എക്സാം ഏപ്രിൽ 5. ശനി.
* വിശ്വാസ പരിശീലന രംഗത്ത് 15 വർഷം പൂർത്തിയാക്കിയ ലൂസി മൈക്കിൾ തുറക്കൽ പുത്തൻപുര പത്തുവർഷം പൂർത്തിയാക്കിയ ബഹുമാനപ്പെട്ട സോജി ജെയിംസ് മടത്തിപറമ്പിൽ, 10 വർഷം പൂർത്തിയാക്കിയ മരിയ സോജി മടത്തിപറമ്പിലിനും സൺഡേ സ്കൂളിന്റെ അഭിനന്ദനങ്ങൾ.

## ചെറുപുഷ്പ മിഷൻ ലീഗ്

* Saints of the Month - ഫെബ്രുവരി മാസത്തിലെ വിശുദ്ധരുടെ ജീവചരിത്രം ഉൾപ്പെടുത്തി മെഗാ ക്വിസ് നടത്തി. വിജയികൾക്ക് സമ്മാനങ്ങൾ നൽകി.
* ഫെബ്രുവരി 2 സമർപ്പിത ദിനം, ആയതിനാൽ അന്നേ ദിവസം ദൈവാലയത്തിൽ വന്ന എല്ലാ സിസ്റ്റേഴ്സിനും ബൊക്കെ നൽകി സമർപ്പിതദിന ആശംസകൾ നേർന്നു.
* മുതലക്കോടം ശാഖയുടെ മിഷൻ ഗ്രാമമായ അദിലാബാദ് രൂപതയിലെ ജങ്കവെങ്കിട്ടപുരം ഗ്രാമത്തിലെ ജനങ്ങളുടെ ജീവിത രീതികൾ, വിശ്വാസജീവിതം, തൊഴിൽ എന്നിവയെക്കുറിച്ച് റവ. ഫാ. അൽഫോൻസ് കോനുകുന്നേൽ ഗൂഗിൾ മീറ്റിലൂടെ സംസാരിച്ചു. കുട്ടികളുടെ സംശയങ്ങൾക്ക് മറുപടിയും പറഞ്ഞു.
* മുതലക്കോടം മേഖല നടത്തിയ Mission Quiz -ൽ ഇടവകയിൽ നിന്നും 4 പേർ പങ്കെടുത്തു.
* രണ്ടാം ശനിയാഴ്ച ജപമാല റാലിയും എക്സിക്യൂട്ടീവ് മീറ്റിങ്ങും നടത്തി.
* സംസ്ഥാന തല സ്കൂൾ കലോത്സവത്തിൽ 5 ഇനങ്ങളിൽ A ഗ്രേഡ് കരസ്ഥമാക്കിയ മിഷൻലീഗ് ഭാരവാഹിയായ റോഷൻ സിബിക്ക് അഭിനന്ദനങ്ങൾ നേരുന്നു.
* ശാഖയിൽ ഏറ്റവും കൂടുതൽ അംഗങ്ങളുള്ള ഭവനമായ കുന്നേൽ ഷാജിയുടെ ഭവനം ശാഖാ ഭാരവാഹികൾ സന്ദർശിച്ചു.
* സമർപ്പിത ജീവിതത്തിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്ന സി. അമല LSDP, സി. പുഷ്പ മരിയ SH എന്നിവർക്ക് ആശംസാ കാർഡുകൾ നൽകി.

* രോഗീ ദിനമായ ഫെബ്രുവരി 11 ന് കല്ലറക്കൽ ജോർജ് ചേട്ടന്റെ ഭവനം സന്ദർശിച്ച് പ്രാർഥിച്ചു.
* പച്ചക്കറി വിളവെടുപ്പ് നടത്തി.
* ഔഷധസസ്യതോട്ട നിർമ്മാണം നടത്തി.
* SSLC, Plus Two പരീക്ഷകൾക്ക് എഴുതുന്ന കുട്ടികൾക്കായി പരീക്ഷ ഒരുക്ക പ്രാർത്ഥന നടത്തി. വിൻസെൻഷ്യൻ അച്ചന്മാർ പ്രാർത്ഥനക്ക് നേതൃത്വം നൽകി. ദിവ്യകാരുണ്യ ആരാധന, ആന്തരിക സൗഖ്യ പ്രാർത്ഥന, പഠനോപകരണങ്ങളുടെ വെഞ്ചിരിപ്പ് എന്നിവയും ഉണ്ടായിരുന്നു.
* ചെറുസൂനം ക്വിസ് ശാഖയിൽ നടത്തി.

## മാതൃവേദി

2025 ഫെബ്രുവരി 2-ാം തീയതി മാതൃവേദിയുടെ പ്രതിമാസ സമ്മേളനം നടന്നു.

**കൈത്താങ്ങ് :-**

മാതൃവേദിയിലെ ഒരു അംഗതത്തിന് ചികിൽസാ സഹായമായി 15000/- രൂപ നൽകി.

**ലഘു നിക്ഷേപം :-**

യൂണിറ്റിൽ ചിട്ടി ആരംഭിച്ചു. 20 അമ്മമാർ ചിട്ടിയിൽ ചേർന്നു.

**മാർച്ച് മാസ സമ്മേളനം :-**

02.03.2025 ആദ്യ ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് കോൺഫറൻസ് ഹാളിൽ വച്ച് നടത്തപ്പെടും. ഫാ. സിറിയക് മഞ്ഞക്കടമ്പിൽ ക്ലാസ് നയിക്കുന്നതാണ്.

മാർച്ച് 8 ലോക വനിതാ ദിനമാണല്ലോ. എല്ലാ അമ്മമാർക്കും പ്രാർത്ഥനകളും ആശംസകളും നേരുന്നു.

## യൂദിത്ത് നവോമി ഫോറം

ഫെബ്രുവരി 14-ാം തീയതി യൂദിത്ത് നവോമി ഫോറത്തിന്റെ ഫൊറോന കൺവെൻഷൻ നടത്തപ്പെട്ടു. പ്രസിഡന്റ് - ഹെലൻ തോമസ് തുറയ്ക്കൽ അദ്ധ്യക്ഷയായിരുന്ന യോഗം, ബഹുമാനപ്പെട്ട വികാരിയച്ചൻ റവ. ഡോ. ജോർജ് താനത്തുപറമ്പിൽ ഉദ്ഘാടനം ചെയ്യുകയും മുഖ്യ പ്രഭാഷണം നടത്തുകയും ചെയ്തു.

ഫൊറോന അനിമേറ്റർ സി. ഡീന എസ്. എച്ച്., രൂപത വൈസ് പ്രസിഡന്റ് ശ്രീമതി ലിസി സെബാസ്റ്റ്യൻ എന്നിവർ ആശംസകൾ അർപ്പിക്കുകയും ചെയ്തു.





## കത്തോലിക്കാ കോൺഗ്രസ്

### വന്യജീവി ആക്രമണങ്ങൾക്കെതിരെ "മനുഷ്യരക്ഷാ മാർച്ച്"

കേരളത്തിൽ വന്യജീവികളുടെ ആക്രമണങ്ങൾ മൂലം ഉണ്ടാകുന്ന ജീവഹാനി, കൃഷിനഷ്ടം എന്നിവ ഫലപ്രദമായി തടയുന്ന വിധത്തിൽ വന്യജീവി സംരക്ഷണ നിയമം തിരുത്തിയെഴുതുക എന്നാവശ്യപ്പെട്ട് 12.02.2025 ന് കത്തോലിക്ക കോൺഗ്രസ് ഇടവകയിലെ മറ്റ് സംഘടനകളുടെ സഹകരണത്തോടെ മനുഷ്യരക്ഷാ മാർച്ച് നടത്തി. സേക്രട്ട് ഹേർട്ട് സ്കൂൾ പരിസരത്ത് നിന്ന് ആരംഭിച്ച് മുതലക്കോടം ടൗണിൽ അവസാനിച്ചു. ഡി.എഫ്.സി രൂപതാ ഡയറക്ടർ റവ.ഫാ. ജോസ് കിഴക്കേൽ ഉദ്ഘാടനം ചെയ്തു. റവ. ഡോ. ജോർജ് താനത്തുപറമ്പിൽ, രൂപതാ ജനറൽ സെക്രട്ടറി കെ. എം. മത്തച്ചൻ, പ്രൊഫ. ജോജോ ജോസഫ് എന്നിവർ പരിപാടിക്ക് നേതൃത്വം വഹിച്ചു.

### നസ്രാണിമുന്നേറ്റം

കത്തോലിക്ക കോൺഗ്രസ് ചങ്ങനാശേരി അതിരൂപത ചങ്ങനാശേരിയിൽ നടത്തുന്ന നസ്രാണി മുന്നേറ്റ റാലിക്കും സമുദായ സംഗമത്തിനും സാധ്യമായ എല്ലാ പിൻതുണയും നൽകാൻ തീരുമാനിച്ചു. ജെ.ബി കോശി കമ്മീഷൻ റിപ്പോർട്ട്, ന്യൂനപക്ഷ അവകാശങ്ങളും സ്കോളർഷിപ്പുകളും, വന്യജീവി ആക്രമണങ്ങൾ തുടങ്ങിയ ആനുകാലിക വിഷയങ്ങൾ സമുദായ സംഗമത്തിൽ ചർച്ച ചെയ്യപ്പെടും.

### പ്രസാദഗിരി സംഭവം

തലയോലപറമ്പ് പ്രസാദഗിരി സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ വിശുദ്ധ കുർബാന മദ്ധ്യേ വൈദികനെ ഒരു വിഭാഗം ആളുകൾ കൈയ്യേറ്റം ചെയ്യുകയും ആരാധന തടസ്സപ്പെടുത്തുകയും ചെയ്ത സംഭവത്തെ സംഘടന അപലപിച്ചു. അന്തഃഛിദ്രം നിലനിൽക്കുന്ന ഭവനവും രാജ്യവും നശിക്കുമെന്ന ബൈബിൾ വചനം ഓർമിപ്പിച്ചു കൊണ്ട് സഭയിൽ ഐക്യം പുനഃസ്ഥാപിക്കപ്പെടുന്നതിനായി അധികാരികൾ നടത്തുന്ന ശ്രമങ്ങൾക്ക് പിൻതുണയേകുവാൻ തീരുമാനിച്ചു.

### ഗ്രീൻവാലി അഗ്രോ ഫാം ഉദ്ഘാടനം ചെയ്തു

കാർഷിക വനവത്ക്കരണം (Agroforestry) എന്ന ആശയത്തിൽ മുതലക്കോടത്ത് സ്ഥാപിതമായ ഗ്രീൻവാലി അഗ്രോ ഫാം അഡ്വ. ഡീൻ കുര്യാക്കോസ് എം.പി ഉദ്ഘാടനം ചെയ്തു. ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതി വിഭാഗം (UNEP) 1987-ൽ മുന്നോട്ടുവച്ച ആശയമാണ്. അഗ്രോ ഫോറസ്ട്രി. "സുസ്ഥിര കൃഷി, ആഹാരം, പരിസ്ഥിതി"





എന്ന പ്രമേയത്തിന് ലോക രാഷ്ട്രങ്ങൾക്കിടയിൽ ഇതോടെ കൂടുതൽ ശക്തി കൈവരികയും ചെയ്തു. മുതലക്കോടം പള്ളിയുടെ ഉടമസ്ഥതയിലുള്ള മൂന്ന് ഏക്കർ സ്ഥലത്താണ് കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ ഫാം പ്രവർത്തിക്കുന്നത്. വൈവിധ്യമാർന്ന 30 തരം പഴവർഗ്ഗങ്ങൾ, മത്സ്യ കൃഷി, തേനീച്ചവളർത്തൽ എന്നിവയാണ് ഇവിടുത്തെ പ്രത്യേകത. രാസവളങ്ങൾക്കും കീടനാശിനികൾക്കും ഇവിടെ പ്രവേശനമില്ല. ജലസംരക്ഷണം, മണ്ണു സംരക്ഷണം എന്നിവക്കുള്ള മാർഗങ്ങളും സ്വീകരിച്ചിട്ടുണ്ട്. ഉദ്ഘാടനത്തോടനുബന്ധിച്ച് മാജിക് മൈന, കോയമ്പത്തൂർ നടത്തിയ കാർഷിക ഡ്രോൺ പ്രദർശനം കോതമംഗലം രൂപത വികാരി ജനറാൾ മോൺ. പയസ് മലേക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു.

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

- ഫെബ്രുവരി 12 ന് കത്തോലിക്ക കോൺഗ്രസ് മറ്റ് സംഘടനകളുടെ സഹകരണത്തോടെ സംഘടിപ്പിച്ച മനുഷ്യരക്ഷാ മാർച്ച് ഡി.എഫ്.സി രൂപതാ ഡയറക്ടർ റവ. ഫാ. ജോസ് കിഴക്കേൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ടോം ജെ. കല്ലറക്കൽ, യൂണിറ്റ് പ്രസിഡന്റ് ബോണി ഞാളൂർ തുടങ്ങിയവർ പരിപാടിക്ക് നേതൃത്വം നൽകി. വർദ്ധിച്ചു വരുന്ന വന്യജീവി ആക്രമണങ്ങൾ തടയുന്നതിൽ സർക്കാർ പുലർത്തുന്ന അലംഭാവത്തിൽ പ്രതിഷേധം അലയടിച്ച പരിപാടിയുടെ വിശദാംശങ്ങൾ ദീപിക ദിനപത്രം, ഷെക്കിന ടി.വി ഉൾപ്പെടെയുള്ള മാധ്യമങ്ങളുടെയും തദ്ധാരാ അധികാരികളുടെയും സത്വരശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ഡി.എഫ്.സി മുഖ്യ പങ്കു വഹിച്ചു.

## സെന്റ് വിൻസെന്റ് ഡീപോൾ സൊസൈറ്റി സെന്റ് ജോർജ് കോൺഫറൻസ് മുതലക്കോടം

* എല്ലാ ഞായറാഴ്ചയും 8.30ന് ഓഫീസിൽ മീറ്റിംഗും പ്രാർത്ഥനയും നടത്തുന്നു. കോൺഫറൻസ് തീരുമാനം അനുസരിച്ച് 8 ദത്തു കുടുംബങ്ങൾക്ക് സഹായങ്ങൾ എത്തിക്കുന്നു. കിടപ്പുരോഗികളെയും, സഹായം അർഹിക്കുന്നവരെയും കണ്ടെത്തുവാനും പ്രാർത്ഥിക്കുവാനും ആയി കോൺഫ്രൻസ് അംഗങ്ങളുടെ ഭവന സന്ദർശനം തുടരുന്നു.
* അപേക്ഷകൾ ലഭിച്ച മുറയ്ക്ക് ആടു വിതരണ പദ്ധതി തുടരുന്നു.
* മുതലക്കോടം സെന്റ് ജോർജ് പുരുഷ-വനിത കോൺഫറൻസുകളുടെ സംയുക്ത കുടുംബ വാർഷികം ഫെബ്രുവരി 13, വ്യാഴാഴ്ച





ശ്രീ ജോർജ് പോൾ പള്ളത്തിന്റെ വസതിയിൽ വച്ച് വിവിധ കലാ പരിപാടികളോടുകൂടി നടത്തപ്പെട്ടു. കോൺഫ്രൻസ് പ്രസിഡണ്ട് ശ്രീ ജോൺ മുരിങ്ങമറ്റത്തിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം റവ. ഡോ. ജോർജ് താനത്തുപറമ്പിൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡണ്ട് ബേബി ജോസഫ്, സെക്രട്ടറി ജോസ് കുര്യൻ, സെബാസ്റ്റ്യൻ കട്ടപ്പുറം, ജോസഫ് സെബാസ്റ്റ്യൻ, സിജോ ജോർജ്ജ്, ജെസ്സി പള്ളത്ത് തുടങ്ങിയവർ സംസാരിച്ചു. അംഗങ്ങളുടെ വിവിധ കലാ പരിപാടികളും ഉണ്ടായിരുന്നു.

## വിൻസെന്റ് ഡീപോൾ (വനിതാ വിഭാഗം)

- എല്ലാ തിങ്കളാഴ്ചയും 10.30 am ന് ജപമാലയോടുകൂടി വിൻസെൻഷ്യൻ അംഗങ്ങൾ സമ്മേളിക്കുന്നു.
- 08/02/2025 ശനിയാഴ്ച്ച A.C തലത്തിൽ വിൻസെൻഷ്യൻ വനിതാ സെമിനാർ ഓസാനാം ഹോമിൽ നടത്തി. റവ. ഡോ. സ്റ്റാൻലി കുന്നേൽ ഉദ്ഘാടനം നിർവഹിച്ചു. ആനി ജോസഫ് ഇളയിടം ക്ലാസ്സ് നയിച്ചു.
- വിൻസെന്റ് ഡി പോൾ പുരുഷ - വനിതാ കോൺഫ്രൻസുകളുടെ സംയുക്ത കുടുംബ സംഗമം 13/02/2025 ൽ പ്രസിഡന്റ് ജസ്സി ജോർജ് പള്ളത്തിന്റെ ഭവനത്തിൽ വച്ച് നടത്തി. റവ. ഡോ. ജോർജ് താനത്തുപറമ്പിൽ ഉദ്ഘാടനം നിർവഹിച്ചു. വിവിധ മത്സരങ്ങളും, കലാപരിപാടികളും നടത്തി.
- രണ്ട് കുടുംബങ്ങളെ ദത്തുകുടുബങ്ങളായി സ്വീകരിച്ചു.
- ഒരു നേഴ്സിംഗ് വിദ്യാർത്ഥിനിക്ക് എല്ലാ മാസവും പഠന സഹായം നൽകാൻ തീരുമാനിച്ചു.
- വിവാഹ സഹായം - 2, ഭവനസന്ദർശനം - 222, ചികിത്സാ സഹായം - 4, സാന്ത്വന സന്ദർശനം - 101, ദത്തുകുടുംബ സന്ദർശനം - 50, രോഗീ സന്ദർശനം - 172

## കേരള ലേബർ മൂവ്മെന്റ് (KLM)

2025 ഫെബ്രുവരി - മാർച്ച് മാസങ്ങളിൽ ഇൻഷുറൻസ് കാലാവധി തീർന്ന അംഗങ്ങൾ ഇൻഷുറൻസ് പുതുക്കാൻ ഓർമ്മപ്പെടുത്തുന്നു.

KLM ന്റെ PSSSP ഇൻഷുറൻസിൽ ചേരാൻ ആഗ്രഹിക്കുന്ന ഇടവകക്കാർ ഇനി മുതൽ പാരീഷ് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ നമ്പർ 8281717867

# കുടുംബവാർത്തകൾ



## നവദമ്പതികൾ

| നം | പേര് | വീട്ടുപേര് | ഇടവക | വിവാഹം |
|---|---|---|---|---|
| 01 | അമൽ സുരേഷ്<br>ആൻ ജോ ജെയിംസ് | മാളിയേക്കൽ<br>പടിഞ്ഞാറേക്കൂറ്റ് | മുതലക്കോടം<br>മുതലക്കോടം | 25/01/2025 |
| 02 | ജിതിൻ ജോർജ്ജ്<br>നിമ്മി തോമസ് | പൂഞ്ഞാട്ട്<br>നടുപ്പറമ്പിൽ | കാവക്കാട്<br>മുതലക്കോടം | 27/01/2025 |
| 03 | ആൽവിൻ ഡൊമിനിക്ക്<br>സാന്ദ്ര മരിയ | തെക്കേമുറിയിൽ<br>ഇഞ്ചയ്ക്കൽ | ചെമ്പേരി<br>മുതലക്കോടം | 27/01/2025 |
| 04 | അനീഷ്<br>ഗ്രീഷ്മ | പുത്തൻപുരയ്ക്കൽ<br>പേണ്ടാനത്ത് | നെടിയകാട്<br>മുതലക്കോടം | 30/01/2025 |
| 05 | ജിൻസ്<br>ജിന്ന മേരി മൈക്കിൾ | പിണക്കാട്ട്<br>വടക്കേക്കുന്നേൽ | മുതലക്കോടം<br>പാല | 01/02/2025 |
| 06 | റ്റോണി<br>അനിഷ | ചെമ്പരത്തിക്കൽ<br>ഇലവുംകുടി | മുതലക്കോടം<br>കയ്യൂന്നി | 03/02/2025 |
| 07 | ജിതിൻ തോമസ്<br>ജോസ്ന | വടക്കേവെട്ടുകല്ലേൽ<br>പടിഞ്ഞാറയിൽ | കരിമണ്ണൂർ<br>മുതലക്കോടം | 09/02/2025 |
| 08 | അഖിൽ<br>റ്റീന | മുണ്ടയ്ക്കൽ<br>കുടിൽപുത്തൻപുരയിൽ | മുതലക്കോടം<br>വെൺമണി | 10/02/2025 |
| 09 | സോമി തോമസ്<br>അനിറ്റ ടോമി | തെക്കേപറമ്പിൽ<br>മരോട്ടിച്ചാലിൽ | മുതലക്കോടം<br>കൊടുവേലി | 16/02/2025 |

## പുതുമലരുകൾക്ക് സ്വാഗതം



വീട്ടുപേര് : ചീങ്കല്ലേൽ
മാമ്മോദീസാ പേര് : ഫിലോമിന
വിളിപ്പേര് : ക്രിസ്റ്റീന
മാതാപിതാക്കൾ : വർഗീസ് - അൽഫോൻസ
മാമ്മോദീസാ : 08/02/2025

വീട്ടുപേര് : മോളുവിള
മാമ്മോദീസാ പേര് : ജോർജ്ജ്
വിളിപ്പേര് : ലിയോണൽ ആൻ ലിജോ
മാതാപിതാക്കൾ : ലിജോ - ആൻ മരിയ
മാമ്മോദീസാ : 08/02/2025





വീട്ടുപേര് : ചീരാംകുന്നേൽ
മാമ്മോദീസാ പേര് : മരിയ
വിളിപ്പേര് : സേറ മരിയ ജിന്റോ
മാതാപിതാക്കൾ : വർഗീസ് - മരിയ
മാമ്മോദീസാ : 15/02/2025

വീട്ടുപേര് : കാക്കച്ചിറ
മാമ്മോദീസാ പേര് : ആഗ്നസ്
വിളിപ്പേര് : എയ്ഞ്ചലീന
മാതാപിതാക്കൾ : പത്രോസ് - എലിസബത്ത്
മാമ്മോദീസാ : 15/02/2025

വീട്ടുപേര് : അറയ്ക്കൽ
മാമ്മോദീസാ പേര് : അന്ന
വിളിപ്പേര് : സെറീന ജെയിൻ
മാതാപിതാക്കൾ : ജോസഫ് - എലിസബത്ത്
മാമ്മോദീസാ : 08/01/2025

വീട്ടുപേര് : പള്ളത്ത്
മാമ്മോദീസാ പേര് : തെരേസ
വിളിപ്പേര് : എലെയ്ൻ ജെറിൻ
മാതാപിതാക്കൾ : ജോസ്ഫ് - മേരി
മാമ്മോദീസാ : 22/02/2025

വീട്ടുപേര് : കുറുമ്പാലക്കാട്ട്
മാമ്മോദീസാ പേര് : അൽഫോൻസ
വിളിപ്പേര് : ഇഷിക അന്ന ആൽബിൻ
മാതാപിതാക്കൾ : ജോർജ് - ത്രേസ്യ
മാമ്മോദീസാ : 22/02/2025

## നിത്യതയിലേയ്ക്ക് വിളിക്കപ്പെട്ടവർ

അന്നക്കുട്ടി ജോൺ (94)
ചാമക്കാലായിൽ
പട്ടയംകവല വാർഡ്
മരണം : 28/01/2025

ആന്റണി പൗലോസ് (65)
ഓലിക്കരയിൽ
കാഞ്ഞിരംപാറ വാർഡ്
മരണം : 12/02/2025

## വരും ദിനങ്ങൾ

| | | |
|---|---|---|
| 03 | തിങ്കൾ | നോമ്പാരംഭം (ഉപവാസദിനം) വിഭൂതി |
| 07 | വെള്ളി | ആദ്യവെള്ളി |
| 18 | ചൊവ്വ | ജറുസലെമിലെ വി. സിറിൽ |
| 19 | ബുധൻ | വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ |
| 25 | ചൊവ്വ | മംഗളവാർത്ത തിരുനാൾ |


## വിവാഹ ഒരുക്ക സെമിനാർ

മൂവാറ്റുപുഴ നെസ്റ്റ്

**2025 മാർച്ച് 13-15, 27-29**

ഫോൺ : 0485 -2830035 (10.00 - 4.00) , മൊബൈൽ : 9495011191, 9539658158

Online on : www.familyapostalateklm.com






ചോദ്യങ്ങൾ യോഹന്നാൻ 6 മുതൽ 10 വരെ അദ്ധ്യായങ്ങളിൽ നിന്നാണ്.
ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി ഫെബ്രുവരി 20

## BIBLE QUIZ

1. സഹായകൻ വന്ന് എന്തെല്ലാം കാര്യങ്ങൾ ലോകത്തിന് വെളിപ്പെടുത്തും ?
2. ഹോസാന എന്ന വാക്കിന്റെ അർത്ഥം എന്താണ് ?
3. ആരുടെ ചെവിയാണ് ശിമയോൻ പത്രോസ് ഛേദിച്ചുകളഞ്ഞത് ?
4. "ഞാനാണ് പുനരുത്ഥാനവും ജീവനും, എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും." അദ്ധ്യായവും വാക്യവും എഴുതുക ?
5. ജനങ്ങൾക്കുവേണ്ടി ഒരാൾ മരിക്കുന്നത് യുക്തമാണെന്നു യഹൂദരെ ഉപദേശിച്ചത് ആരാണ് ?
6. പത്രോസ് എത്രപ്രാവശ്യം ഈശോയെ തള്ളിപ്പറയുമെന്നാണ് ഈശോ പറഞ്ഞത് ?
7. "കർത്താവേ എങ്കിൽ എന്റെ പാദങ്ങൾ മാത്രമല്ല, കരങ്ങളും ശിരസ്സും കൂടി കഴുകണമേ." ആര് ആരോടു പറഞ്ഞു ?
8. എവിടെ വച്ചാണ് യേശുവിനെ ബന്ധിക്കുന്നത് ?
9. ശിഷ്യന്മാരിൽ ആരുടെ കൈയ്യിലായിരുന്നു പണസഞ്ചി സൂക്ഷിച്ചിരുന്നത് ?
10. എപ്പോഴാണ് യൂദാസിൽ സാത്താൻ പ്രവേശിച്ചത് ?

## കഴിഞ്ഞലക്കം ഉത്തരങ്ങൾ

1. ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു.
2. നിത്യജീവന്റെ അനശ്വരമായ അപ്പം
3. ദൈവദൂഷണം പറഞ്ഞുവെന്ന കുറ്റം ചുമത്തിക്കൊണ്ട്
4. യോഹ. 8:12
5. "ഞാനാണ് ഭയപ്പെടേണ്ടാ"
6. അയയ്ക്കപ്പെട്ടവൻ
7. ആത്മാവ്
8. നല്ല ഇടയനായി
9. യേശുവിന്റെ വചനത്തിൽ നിലനിൽക്കുന്നവർ
10. സിനഗോഗിൽ നിന്ന് പുറത്താക്കാൻ

## കഴിഞ്ഞലക്കം വിജയി

1. ആലീസ് ബേബി, കോഴിക്കോട്ട്
2. ജെസ്സി മാനുവേൽ ചെമ്പരത്തി







# തിരുവചന വായനകൾ

## മാർച്ച് 2025

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| 30<br>റോമാ.<br>12:1-11<br>യോഹ.<br>7:37-39, 8:12-20 | 31<br>കൊളോ.<br>2:16-19<br>ലൂക്കാ.<br>18:18-25 | | | | | 1<br>വെളി.<br>3:14-22<br>മത്താ.<br>15:29-31 |
| 2<br>എഫേ.<br>4:17-24<br>മത്താ.<br>4:1-11 | 3<br>റോമാ.<br>1:16-25<br>മത്താ.<br>5:17-26 | 4<br>റോമാ.<br>2:1-6<br>മത്താ.<br>5:38-42 | 5<br>റോമാ.<br>2:12-24<br>മത്താ.<br>6:5-8 | 6<br>റോമാ.<br>3:9-20<br>മത്താ.<br>6:25-34 | 7<br>റോമാ.<br>4:13-25<br>മത്താ.<br>7:1-6 | 8<br>റോമാ.<br>3:21-26<br>മത്താ.<br>6:9-15 |
| 9<br>റോമാ.<br>6:15-23<br>മത്താ.<br>7:21-27 | 10<br>തീത്തോ.<br>3:1-7<br>മർക്കോ.<br>7:14-23 | 11<br>റോമാ.<br>8:18-25<br>മത്താ.<br>7:7-12 | 12<br>റോമാ.<br>6:15-23<br>മത്താ.<br>9:1-8 | 13<br>റോമാ.<br>3:1-8<br>മത്താ.<br>5:33-37 | 14<br>റോമാ.<br>7:7-12<br>മർക്കോ.<br>11:27-33 | 15<br>1 കോറി.<br>5:9-13<br>മത്താ.<br>11:16-19 |
| 16<br>റോമാ.<br>7:14-25<br>മത്താ.<br>20:17-28 | 17<br>റോമാ.<br>7:1-6<br>മർക്കോ.<br>12:28-34 | 18<br>1 കോറി.<br>10:1-13<br>ലൂക്കാ.<br>21:29-36 | 19<br>1 പത്രോ.<br>3:8-12<br>മത്താ.<br>5:43-48 | 20<br>എഫേ.<br>6:1-9<br>മർക്കോ.<br>12:35-40 | 21<br>റോമാ.<br>8:1-6<br>മർക്കോ.<br>12:18-27 | 22<br>എഫേ.<br>4:25-32<br>മത്താ.<br>21:28-32 |
| 23<br>റോമാ.<br>8:12-17<br>മത്താ.<br>21:33-44 | 24<br>റോമാ.<br>9:1-13<br>യോഹ.<br>5:1-18 | 25<br>റോമാ.<br>9:14-18<br>യോഹ.<br>5:19-23 | 26<br>റോമാ.<br>10:1-13<br>യോഹ.<br>6:60-69 | 27<br>റോമാ.<br>11:1-10<br>യോഹ.<br>7:1-13 | 28<br>റോമാ.<br>11:25-36<br>യോഹ.<br>7:25-31 | 29<br>റോമാ.<br>13:1-7<br>യോഹ.<br>7:45-53 |








ഗ്രീൻവാലി ഫാം ഉദ്ഘാടന സമ്മേളനത്തിൽ
മോൺ. ഡോ. പയസ് മലേകണ്ടത്തിൽ സംസാരിക്കുന്നു.




മനുഷ്യരക്ഷാ മാർച്ച് വികാരിയച്ചൻ ഉദ്ഘാടനം ചെയ്യുന്നു.



മനുഷ്യരക്ഷാ മാർച്ചിന്റെ മുൻനിര



ഗ്രീൻവാലി ഫാം അഡ്വ. ഡീൻ കുര്യാക്കോസ് എം.പി,
മോൺ. ഡോ. പയസ് മലേക്കണ്ടത്തിൽ എന്നിവർ ഉദ്ഘാടനം ചെയ്യുന്നു.



കാർഷിക ഡ്രോണുകളുടെ പ്രവർത്തനരീതി സാങ്കേതിക വിദഗ്ദ്ധർ വിശദീകരിക്കുന്നു.

സ്നേഹസ്മരണയ്ക്ക്......

## 2–ാം ചരമവാർഷികം



# ആഗസ്തി ജോർജ്

## നടുപ്പറമ്പിൽ

## മുതലക്കോടം, കുന്നം

മരണം: 18–03–2023

"ഞാൻ നിങ്ങളിൽ നിന്നും അകന്നുപോയെങ്കിലും
എന്റെ സ്നേഹം എന്നും നിങ്ങളോട് കൂടെ ഉണ്ടായിരിക്കും.
നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും സ്മരിക്കേണമെ"

സ്നേഹസ്മരണയ്ക്ക്......

## 5-ാം ചരമവാർഷികം



# എൻ. പി. ചാക്കോ (യാക്കോബ്)

## ഞാളൂർ

ജനനം: 14-04-1943 മരണം: 17-03-2020

**പ്രാർത്ഥനാപൂർവ്വം കുടുംബാംഗങ്ങൾ**

"തന്റെ വിശുദ്ധരുടെ മരണം കർത്താവിന് അമൂല്യമാണ്" (സങ്കീ.116:15)

# ഉറപ്പുള്ള നിർമ്മിതികൾക്ക് ഗുണനിലവാരമുള്ള ബ്രിക്സ്

MYSONS GROUP
SINCE 1989

വീടു പണിയുമ്പോഴും കോൺട്രാക്ട് അടിസ്ഥാനത്തിൽ കൊടുക്കുമ്പോഴും, 7.5(N/mm2) ഗുണമേന്മയുള്ള സിമെന്റ് ബ്രിക്കുകൾ തന്നെയെന്ന് ഉറപ്പാക്കുക
-അത് ഞങ്ങളിലൂടെ നേടാം....



HIGH QUALITY
CERTIFIED
BRICK

ബ്രിക്സിന്റെ ഗുണനിലവാരം നേരിട്ട് അറിയാനുള്ള അത്യാധുനിക സംവിധാനത്തോടുകൂടിയ ഇടുക്കി ജില്ലയിലെ ഏക ബ്രിക്ക് യൂണിറ്റ്




MYSONS
SOLID BRICKS

Pattayamkavala
Muthalakodam P.o
Thodupuzha

Contact Us
9072 777 999
9089 777 666

# നിങ്ങളുടെ യാത്രകളെ മനോഹരമാക്കാൻ ഞങ്ങളുണ്ട് കൂടെ



| | |
|---|---|
| Innova | - |
| Urbania | 16 Sts |
| Traveller | 17 Sts |
| Traveller | 26 Sts |
| Bus | 49 Sts |

**TWO TOURIST BUSES**

**COMING SOON**



**MYSONS**
TRAVEL HUB

Pattayamkavala
Muthalakodam P.o
Thodupuzha

Contact Us
**9072 777 999**
**9089 777 666**